# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ : 2883/11/12/2023/ TVM

പരാതികക്ഷി : കെ.ശശി,ചുരുട്ടമുകളിൽ വീട്
അയിരൂപ്പാറ,തിരുവനന്തപുരം

എതിർകക്ഷികൾ :

ഉത്തരവ് തീയതി 09.05.2024

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന പരാതികക്ഷിക്ക് കുടിവെള്ളം ലഭ്യമാക്കുന്നില്ലായെന്നും, പരാതികക്ഷി ഉൾപ്പെടെ വീട്ടിലുള്ള മൂന്നുപേരും രോഗബാധിതരും അവശത അനുഭവിക്കുന്നവരുമാണെന്നും, 2018 മുതൽ 2022 വരെ കൂടിയ എല്ലാ ഗ്രാമസഭകളിലും കുടിവെള്ള പ്രശ്നം ചർച്ചെക്കെടുക്കുകയും 2020 ൽ കുടിവെള്ളം എത്തിക്കുന്നതിനായി അന്നത്തെ ഭരണ സമിതി 4 ലക്ഷം രൂപ വാട്ടർ അതോരിറ്റിയിൽ അടച്ചതായി പ്രഖ്യാപിച്ചുവെങ്കിലും നാളിതുവരെ കുടിവെള്ള പദ്ധതി നടപ്പായിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വാട്ടർ അതോരിറ്റി പോങ്ങുംമൂട് അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങൽ വാട്ടർ വർക്സ് സബ് ഡിവിഷൻ അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ എന്നിവർ റിപ്പോർട്ടുകൾ സമർപ്പിച്ചു.

പരാതിക്കാരൻ താമസിക്കുന്നത് പോത്തൻകോട് പഞ്ചായത്തിൽ ഉൾപ്പെട്ട സ്ഥലത്തായതിനാൽ വാട്ടർ അതോരിറ്റി ആറ്റിങ്ങൾ സെക്ഷൻ സീറ്റ് 2 ൻെറ പരിധിയിൽ വരുന്നതാണെന്നും ആയതിനാൽ പരാതിക്കാരൻ ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് മുഖാന്തിരം പരിഹാരം തേടാവുന്നതാണെന്നും വാട്ടർ അതോരിറ്റി പോങ്ങുംമൂട് അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു.

മേൽ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ വാട്ടർ വർക്സ് സബ് ഡിവിഷൻ അസി.എക്സിക്യുട്ടീവ് എഞ്ചിനീയറോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടു. അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു പരാതികക്ഷി താമസിക്കുന്ന ചുരുട്ടുമുകൾ എന്ന സ്ഥലത്ത് ആറ്റിങ്ങൽ വാട്ടർ സപ്ലൈ സബ് ഡിവിഷൻെറ പൈപ്പുലൈനുകൾ ഇല്ലാത്തതിനാൽ ഇവിടെ ജല വിതരണം നടക്കുന്നില്ലായെന്നും, എന്നാൽ ഈ പ്രദേശത്ത് കുടിവെള്ളം എത്തിക്കുനാതിനായി ജല ജീവൻ മിഷൻെറ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം

പൈപ്പുലൈനുകൾ സ്ഥാപിച്ചൂവെന്നും, പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ ചാരുംമൂട് പ്രദേശത്ത് പോങ്ങുംമൂട് സബ് ഡിവിഷൻെറ കീഴിൽ നിന്നും ജല വിതരണം നടക്കുന്നുണ്ടെന്നും, ടി പൈപ്പ് ലൈനും ചുരുട്ടുമുകളിലേയ്ക്ക് സ്ഥാപിച്ച പൈപ്പ് ലൈനും തമ്മിൽ ഇൻറർകണക്ഷൻ നടത്തിയാൽ ഉയർന്ന പ്രദേശത്ത് താമസിക്കുന്ന പരാതിക്കാരന് ചെറിയ തോതിൽ ജലംലഭ്യമാകുന്നതാണെന്നും. എന്നാൽ ആഴ്ചയിൽ 2 ദിവസം മാത്രം ജല വിതരണം നടക്കുന്ന ടി പ്രദേശത്ത് നിലവിലുള്ള ഉപഭോക്താക്കൾക്ക് ജലക്ഷാമം നേരിടാൻ സാധ്യതയുണ്ടെന്നും, പോത്തൻകോട് ഗാമപഞ്ചായത്തിലെ ചിത്തിര പാറകുളത്തിൽ നിന്നും ജലം ശുദ്ധീകരിച്ച് ചുരുട്ടുമുകൾ പ്രദേശത്തെ ഉപരിതല ടാങ്കിൽ ശേഖരിച്ച് ടി പ്രദേശത്ത് ജല വിതരണം നടത്തുന്ന പദ്ധതി തിരുവനന്തപുരം പ്രൊജക്ട് ഡിവിഷൻ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും, ഈ പദ്ധതി നിലവിൽ വന്നാൽ പരാതിക്കാരനും സമീപവാസികൾക്കും യഥേഷ്ടം വെള്ളം ലഭ്യമാകുന്നതാണെന്നും, നിലവിൽ ആറ്റിങ്ങൽ വാട്ടർ സപ്ലൈ സബ് ഡിവിഷൻെറ കീഴിൽ പ്രസ്തുത പ്രദേശത്ത് പദ്ധതി പൈപ്പുലൈനുകൾ ഇല്ലാത്തതിനാൽ സമീപത്ത് പൈപ്പുലൈനുകൾ ഉള്ള പോങ്ങുംമൂട് സബ് ഡിവിഷനെ സമീപിച്ച് പരിഹാരം കാണാവുന്നതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. വയോധികരും രോഗികളുമായ പരാതികക്ഷിയും വീട്ടുകാരും 200 മീറ്റർ അകലെയുള്ള ഒരു വീട്ടിൽ നിന്നുമാണ് കുടിവെള്ളം ശേഖരിച്ചുവരുന്നതെന്ന് ടിയാൻ പറയുകയുണ്ടായി. ജല ജീവൻ മിഷൻെറ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം പ്രോജക്ട് ഡിവിഷനിൽ ടെണ്ടർ ചെയ്തിട്ടുള്ള പദ്ധതി പ്രാവർത്തികമാകുന്നതുവരെ താത്കാലികമായിട്ടെങ്കിലും പരാതികക്ഷിക്ക് കുടിവെള്ളം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ പോങ്ങുംമൂട് സബ് ഡിവിഷനും ആറ്റിങ്ങൽ വാട്ടർ വർക്സ് സബ് ഡിവിഷനും സംയുക്തമായി ഇക്കാര്യം ആലോചിച്ച് ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ആറ്റിങ്ങൽ വാട്ടർ വർക്സ് സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പോങ്ങുംമൂട് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ